നബാർഡിന്റെ സഹായത്തോടെ നടക്കുന്ന പൊതുമരാമത്ത് പണികൾ

113 (697) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഏതെല്ലാം പൊതുമരാമത്ത് പണികളാണ് ആരംഭിച്ചിട്ടുള്ളത് ;

(ബി) ഈ ഇനത്തിൽ എത്ര കോടി രൂപ നബാർഡിൽ നിന്നും ലഭിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ;

(സി) നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ആരംഭിച്ച ഏതെങ്കിലും പണികൾ പൂർത്തിയാകാതെ മുടങ്ങി കിടപ്പുണ്ടോ ; എങ്കിൽ അവ ഏതൊക്കെയാണെന്നും മുടങ്ങാനുള്ള കാരണം എന്തെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ആകെ 105.60 കോടി രൂപ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചു വരുന്നു.

(സി) പത്തനംതിട്ട ജില്ലയിലെ പേരൂർച്ചാൽ, പാലത്തിന്റെ പണി മുടങ്ങിയിട്ടുണ്ട്. ഹൈക്കോടതി സ്റ്റേമൂലം പണികൾ പുനരാരംഭിക്കുവാൻ സാധിച്ചില്ല.

ശബരിമലയിലേയ്ക്കുള്ള പുതിയ റോഡുകളുടെ പണി

114 (699) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീർത്ഥാടകരുടെ സൗകര്യത്തിനായി ശബരിമലയിലേയ്ക്ക് പുതിയ റോഡുകൾ പണിയ്ാൻ സർക്കാർ എന്തെല്ലാം നടപടികളാണ് നടത്തി വരുന്നത് ;

(ബി) കോന്നി, തണ്ണിത്തോട്, ആങ്ങാമൂഴി വഴി പമ്പയിലേയ്ക്ക് നിലവിലുള്ള റോഡ് ഗതാഗതയോഗ്യമാക്കിയാൽ വടശ്ശേരിക്കര വഴിയുള്ള റോഡിനേക്കാൾ എത്ര കി.മീറ്റർ ദൂരം ലാഭിക്കാൻ സാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ ;

(സി) ഈ റോഡ് നിർമ്മാണം ഏറ്റെടുക്കുന്ന കാര്യം പൊതുമരാമത്ത് വകുപ്പു പരിഗണിച്ചിട്ടുണ്ടോ ; എങ്കിൽ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly